# കേരളകാർഷികസർവ്വകലാശാല

**കാർഷികകോളേജ്, പടന്നക്കാട് പി.ഒ.,**

**കാസറഗോഡ്ജില്ല**, പിൻ: 671314, **കേരളം**

**ഫോൺ: 91 467 2282699, 91 467 2280616, ഫാക്സ്: 91 467 2284099, E-mail: copad@kau.in**


---

**നമ്പർ. ജി2-3282/2021** **തീയ്യതി: 28.03.2023**

**<u>ദർഘാസ്/ ലേല പരസ്യം</u>**

പടന്നക്കാട് കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ് I ൽ 2023 ഫെബ്രുവരി- മാർച്ച് മാസത്തിൽ വിളവെടുത്ത മൂപ്പെത്തിയ തേങ്ങകൾ വിലയ്ക്ക് വാങ്ങുവാൻ ആഗ്രഹിക്കുന്നവരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. വിലയ്ക്കെടുക്കുന്ന തേങ്ങകൾ ലേലം കൊള്ളുന്നയാൾ സ്വന്തം ചെലവിൽ കാർഷിക കോളേജ് ഫാമിൽ വെച്ച് തന്നെ പൊതിച്ച് ചകിരി കാർഷിക കോളേജ് ഫാമിൽ ഏൽപ്പിക്കേണ്ടതാണ്. പൊതിച്ച തേങ്ങകൾ മാത്രമെ പുറത്തേക്ക് കൊണ്ടുപോകാൻ അനുവദിക്കുകയുള്ളൂ.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1. | തേങ്ങ | 11000 (ഏകദേശം) |

താൽപര്യമുള്ള വ്യക്തികൾ ഒരു തേങ്ങയുടെ വില വെള്ളക്കടലാസിൽ എഴുതി കവറിൽ അടക്കം ചെയ്ത് ഡീൻ, കാർഷിക കോളേജ്, പടന്നക്കാട്- 671314 എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ്.

ദർഘാസുകൾ അയക്കുന്ന കവറിന് പുറത്ത് 'പടന്നക്കാട് കാർഷിക കോളേജിലെ തേങ്ങ വാങ്ങുന്നതിനുള്ള ദർഘാസ്' എന്നെഴുതണം. ലേല/ദർഘാസിൽ പങ്കെടുക്കുന്നവർ ആകെ 2000/- രൂപ നിരതദ്രവ്യം കെട്ടിവയ്ക്കണം.

ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയ്യതി 11.04.2023 ന് (ചൊവ്വ) വൈകിട്ട് 3 മണി വരെയാണ്. കിട്ടിയ ദർഘാസുകൾ അന്നുതന്നെ വൈകിട്ട് 3.30 ന് ഹാജരുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ പടന്നക്കാട് കോളേജിൽ വെച്ച് തുറക്കുന്നതും തൃപ്തികരമെന്ന് കണ്ടാൽ ഉറപ്പിക്കുന്നതുമാണ്. ദർഘാസ് തുറക്കുന്നതിന് മുമ്പ് ലേലം നടത്തുന്നതും ഏതിലാണോ കൂടുതൽ തുക കിട്ടുന്നത് അത് തൃപ്തികരമെന്ന് കണ്ടാൽ ഉറപ്പിക്കുന്നതുമാണ്. എന്നാൽ ദർഘാസ് സമർപ്പിച്ചവർക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. വിജയിയായ ആൾ അപ്പോൾ തന്നെ മൂന്നിലൊരുഭാഗം തുക ഓഫീസിൽ അടയ്ക്കേണ്ടതാണ്. ബാക്കി മുഴുവൻ തുകയും ലേല തീയ്യതി മുതൽ 7 ദിവസത്തിനുള്ളിൽ അടയ്ക്കേണ്ടതും 15 ദിവസത്തിനുള്ളിൽ പൊതിച്ച തേങ്ങ കൊണ്ടുപോകേണ്ടതുമാണ്. അല്ലാത്തപക്ഷം പിന്നീടുള്ള ഓരോ ദിവസത്തിനും സ്റ്റോറേജ് ചാർജ്ജ് ഈടാക്കുന്നതുമാണ്. ഇപ്രകാരം പരമാവധി 15 ദിവസം മാത്രമേ സൂക്ഷിക്കാൻ അനുവദിക്കുകയുള്ളൂ. പ്രസ്തുത കാലാവധി കഴിഞ്ഞും നീക്കം ചെയ്യാത്ത പക്ഷം അതുവരെ അടച്ച പണം സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടുന്നതും നാളികേരം പുനർലേലം വഴി വിൽക്കുന്നതും തൻമൂലം ഉണ്ടാകുന്ന നഷ്ടം, വീഴ്ച വരുത്തിയ ലേല/ ദർഘാസുകാരനിൽ നിന്നും ഈടാക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ ലേല ദിവസം അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം ലേലം നടത്തുന്നതാണ്. തേങ്ങകളുടെ നിജസ്ഥിതി ദർഘാസ് സമർപ്പിക്കുന്നതിന് മുമ്പ് ബോധ്യപ്പെടേണ്ടതാണ്.

എല്ലാവിധ സർക്കാർ നിബന്ധനകളും ഇതിന് ബാധകമാണ്. മറ്റ് വിശദവിവരങ്ങൾ ഓഫീസ് പ്രവർത്തി സമയങ്ങളിൽ അന്വേഷിച്ചറിയാവുന്നതാണ്. (0467-2281966)

ഒപ്പ്
ഡോ.ടി. സജിതാ റാണി.
ഡീൻ

സ്വീകർത്താവ്:-

1. നോട്ടീസ് ബോർഡ് - കോളേജ്/ ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ് - I & II
2. വില്ലേജ് ഓഫീസ് (നീലേശ്വരം/ കാഞ്ഞങ്ങാട് സൌത്ത്)
3. നഗരസഭ (നീലേശ്വരം/ കാഞ്ഞങ്ങാട്)
4. ആർ.എ. ആർ.എസ് പിലിക്കോട്
5. സർക്കുലേഷൻ (ഫാം മുഖാന്തിരം)
6. ഓഫീസർ ഇൻ ചാർജ്ജ്, ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ് -I
7. ഫാം സൂപ്രണ്ട്, ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ് -I
8. കോളേജ് വെബ്സൈറ്റ്

//അംഗീകാരത്തോടുകൂടി അയക്കുന്നത്//

സെക്ഷൻ ഓഫീസർ